

## നമ്മുടെ ഇമാമുകൾ

കെ. കെ. കുഞ്ഞാലി മുസ്ല്യാർ ചേലക്കാട്

# ശൈഖ് അഹ്മദ് രിഫാഈ(റ)

**ആ**രിഫുകളുടെ സുൽത്വാനായി വാഴ്ത്തപ്പെടുന്നവരാണ് ശൈഖ് അഹ്മദുൽ കബീറുരിഫാഈ(റ). അബുൽഅബ്ബാസ് എന്നാണ് ഉപജ്ഞാനാമം. പിതാക്കളിൽ ഒരാളാണ് രിഫാഅ. തിരുനബി(സ)യുടെ പൗത്രൻ ഹുസൈനി(റ)വിലേക്കാണ് പിതൃപരമ്പര സന്ധിക്കുന്നത്. അറബിവംശജരായ പിതാമഹൻമാർ പാശ്ചാത്യ നാടുകളിൽ താമസിച്ചവരായിരുന്നു. പിതാവ് അലിയ്യ് എന്നയാൾ ഇറാഖിലെ ബത്വാഇഹ് എന്ന ദേശത്ത് വന്നു താമസമാക്കി. അവിടെയുള്ള ഉമ്മുഅബീദത്ത് എന്നപേരിൽ അറിയപ്പെടുന്ന പ്രദേശത്താണ് ശൈഖ് ജനിച്ചത്. ഹി:500 മുഹർറമിൽ. ഉമ്മ ഫാത്വിമ പ്രസിദ്ധ വലിയ്യായ മൻസൂറിനിൽ ബത്വാഇഹിയുടെ സഹോദരിയാണ്. ഫാത്വിമ ഗർഭിണിയായിരിക്കേ സഹോദരന്റെ ശൈഖ് അബൂമുഹമ്മദിശ്ശൻബകീറയെ സന്ദർശിക്കാൻ ചെല്ലുമ്പോഴൊക്കെ അദ്ദേഹം എഴുന്നേറ്റു നില്ക്കും. ഇതു പലപ്രാവശ്യം കണ്ട മുരീദുമാർ എഴുന്നേറ്റു നിൽക്കുന്നതിന്റെ കാര്യം അന്വേഷിച്ചപ്പോൾ ശൈഖിന്റെ മറുപടി, 'അവളുടെ വയറ്റിലുള്ള കുട്ടിയെ ആദരിച്ചുകൊണ്ടാണെന്നതായിരുന്നു. അല്ലാഹുവിന്റെ ഇഷ്ടക്കാരിൽ പെട്ട ആ കുട്ടിക്ക് വല്ലാത്ത സ്ഥാനമാനങ്ങളും അൽഭുതസിദ്ധികളും ഉണ്ടായിരിക്കുമെന്നും ശൈഖ് അവരെ ഉണർത്തി. ശൈഖുമൻസൂറിന്റെ വഫാത്തിന്നടുത്ത് തന്റെ ഭാര്യ ശൈഖ് പദവി മകന്നു നല്കാൻപറഞ്ഞു നോക്കി. എന്റെ മകന് ഈ പദവി ഇല്ലെന്നും സഹോദരിയുടെ മകനാണ് അതിന്നർഹൻ എന്നും പറഞ്ഞു. അവർ ആവർത്തിച്ച് ആവശ്യപ്പെട്ടപ്പോൾ മകനെയും സഹോദരി പുത്രൻ അഹ്മദിനെയും വിളിച്ചു കുറച്ച് ഈത്തമര തൈകൾ കൊണ്ടു വരാൻ ആവശ്യപ്പെട്ടു. മകൻ കുറെ അധികം തൈകളുമായിവന്നു. അഹ്മദ് ഒന്നും കൊണ്ടുവന്നില്ല. എന്താണു നീ ഒന്നും കൊണ്ടുവരാതിരുന്നത് എന്ന അമ്മാവന്റെ ചോദ്യത്തിന്ന് അദ്ദേഹത്തിന്റെ മറുപടി: ഞാൻ പറിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന ചെടികളൊക്കെ തസ്ബീഹു ചൊല്ലുന്നതുകേട്ടു. അതുകൊണ്ട് അവകളുടെ തസ്ബീഹുമുടക്കി പറിക്കാൻ എനിക്ക് ധൈര്യം വന്നില്ല എന്നായിരുന്നു. അതുകേട്ട ഭാര്യ പിന്നീടൊന്നും പറഞ്ഞില്ല. ഏഴു വയസ്സുള്ളപ്പോൾ പിതാവ് മരണപ്പെട്ടശേഷം മാതുലനായ ശൈഖ് മൻസൂർ കുടുംബത്തെ വാസ്വിതിലേക്കുമാറ്റി താമസിപ്പിച്ചു. ശൈഖ് അലിയ്യുൽ വാസിതിയിൽ നിന്ന് ദീനീവിജ്ഞാനം കരസ്ഥമാക്കാൻ തുടങ്ങി. അതിന്നിടയിൽ വിശുദ്ധ ഖുർആൻ മനപാഠമാക്കിയിരുന്നു. വാസ്വിതിലുള്ള മറ്റു ശൈഖുമാരിൽനിന്നും അഖ്ലി യ്യും നഖലിയ്യുമായ എല്ലാ വിദ്യകളും നുകർന്നു. 20 വർഷം കൊണ്ടു പലവിധ വിജ്ഞാനങ്ങളിലും അതികായകനായ മഹാൻ, തസവ്വുഫ് എന്ന ജ്ഞാനത്തിന് മുന്തിയ പരിഗണന നല്കിയതു കൊണ്ടു സർവ്വമശാഇഖും അംഗീകരിച്ചവലംബിക്കുന്ന വലിയ ശൈഖും ആരിഫുമായി മാറിയിരുന്നു. താജുൽ ആരിഫീൻ, ശറഫുസ്സാഹിദീൻ, അൽ ഖുതുബുൽ ഗൗസ്. അൽകൻസുറബ്ബാനി എന്നിങ്ങനെയുള്ള സ്ഥാനപ്പേരുകളോടു കൂടിയാണ് ശ്രേഷ്ടരായ പണ്ഡിതർ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ സവിശേഷ

ഗുണങ്ങളും മറ്റും വിവരിക്കാൻ വമ്പൻമാരായ ഇമാമുകൾ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അലിയ്യുബ്നു ഹദ്ദാദിന്റെ റബീഉൽആശികീൻ, തകിയ്യുദ്ദീൻ വാസിതിയുടെ തിർയാക്, മുഹദ്ദിസ് ഇസ്സുദ്ദീൻ ഫാറൂസിയുടെ അന്നഫ്ഹതുൽമിസ്കിയ്യ, ഇമാം റാഫി ഈ രചിച്ച സവാദുൽ ഐ നയ്ൻ കാസറൂനിയുടെ ശിഫാഉൽ അസ്ഖാം എന്നിവ അവയിൽ ചിലതാണ്. ശൈഖവർകളെ തൊട്ടുള്ള ചിന്തോൽദീപമായ ഉപദേശങ്ങളും വാക്കുകളും സൂഫിയാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. ശൈഖവർ കളെ തൊട്ടുള്ള ചിന്തോദ്ദീപകമായ പല ഉപദേശങ്ങളും വാക്കുകളും സൂഫിയാക്കൾ രേഖപ്പെടുത്തി. അല്പം ചിലതു പറയാം. ശൈഖ് പറയുന്നു. സുഹ്ദ് (ഐഹിക സുഖവർജ്ജന) അല്ലാഹുവിന്റെയടുക്കൽ ഉന്നത സ്ഥാനങ്ങൾക്കും അവന്നിഷ്ടപ്പെട്ട എല്ലാ അവസ്ഥകൾക്കുമുള്ള അടിക്കല്ലാണ്. അല്ലാഹുവിലേക്ക് അടുക്കാൻ ഉദ്ദേശിക്കുന്നവരുടെയും തവക്കുലിന്റെ ആളുകളുടെയും ആദ്യ പടവുമാണത്. ഇതില്ലാത്ത ആർക്കും ശേഷമുള്ളതൊന്നും ശരിയാവില്ല. ഞങ്ങളുടെ വഴി മൂന്നു കാര്യത്തിൻ മേലാണ്. ആരോടും ചോദിക്കുകയില്ല. ചോദിച്ചവരെ മടക്കുകയില്ല. ഒന്നും സൂക്ഷിച്ചു വയ്ക്കാറുമില്ല. ഹൃദയം നന്നായാൽ അവിടം അല്ലാഹുവിന്റെ അൻവാർ അസ് റാർ-മലാഇകത്ത് ഇറങ്ങുന്നേടമാണ്. മോശമായാൽ പിശാചുക്കൾ, അനീതി എന്നിവയുടെ സങ്കേതമാണ്. ശൈഖ് നടന്നുപോവുമ്പോൾ ഈത്തമരത്തിലേക്കു നോക്കി കൂടെയുള്ള യഅ്കൂബിനോട് ഇങ്ങനെ പറഞ്ഞു. മരം തലഉയർത്തി നിന്നപ്പോൾ അതിന്റെ കാഴയുടെ ഭാരം മുഴുവൻ അതു ചുമക്കേണ്ടിവന്നു. നിലത്തു പടർന്ന ചിരങ്ങയിലേക്കു നോക്കി ഇങ്ങനെ പറഞ്ഞു. അത് താഴ്മ ചെയ്ത് കവിൾ മണ്ണോട് ചേർത്തപ്പോൾ ഭാരം ഭൂമി ചുമന്നു. അദ്ദേഹത്തിന്റെ ഒരു പ്രാർത്ഥനാ വാചകം ഇങ്ങനെ അല്ലാഹുമ്മ ഇജ്അൽനാമിമ്മൻ ഫറശുഅലാബാബിക ലിഫറതിദുല്ലിഹിം നവാഇമൽഖുദുദി വനക്കസൂറുഊസഹും മിനൽഘജലി വജിബാഹ ഹും ലിസ്സുജൂദി ബിബറകതി സ്വാഹിബി ല്ലിവാഇൽ മഹ്മൂദ്. ശൈഖിന്റെ വഅളു വളരെ അകലെയുള്ളവരും ബധിരരും കേൾക്കുമായിരുന്നു. മഹാനരുടെ സ്വഭാവമഹിമയും സൃഷ്ടിബോധവും അപാരവും അതിശയകരവുമാണ്. ശരീരത്തിൽ ഈച്ചയോ മറ്റു പ്രാണികളോ ഇരുന്നാൽ അതു സ്വയം പറന്നുപോകുന്നതുവരെ ഒന്നും ചെയ്യുകയില്ല. താൻ ഉറങ്ങുമ്പോൾ വസ്ത്രത്തിന്റെ ഭാഗത്ത് പൂച്ച ഉറങ്ങിയാൽ അതിനെ ഉണർത്താതെ വസ്ത്രഭാഗം വെട്ടിയിട്ട് നിസ്കരിക്കാൻ പോകും. തിരിച്ചുവന്നാൽ തുന്നിച്ചേർക്കും. ചൊറി പിടിച്ചു നാട്ടുകാർ ദൂരത്താക്കിയ ഒരു നായയെ അദ്ദേഹം പരിചരിച്ചു. ശരിക്കും സുഖമായപ്പോൾ വെള്ളം ചൂടാക്കി കഴുകികൊടുത്തു. ശൈഖിനെ മുരിദുമാരിൽ ഒരാൾ സ്വർഗ്ഗത്തിന്റെ ഉന്നത സ്ഥാനീയനായി പല പ്രാവശ്യം സ്വപ്നം കണ്ടു. അദ്ദേഹത്തോടു ഉണർത്തിയൊന്നുമില്ല. ഒരു ദിവസം വീട്ടിൽ ചെന്നപ്പോൾ ദുസ്സ്വഭാവിയായ ഭാര്യ അസത്യം പറയുകയും കയ്യിലുള്ള ചട്ടുകം കൊണ്ടു ശൈഖിന്റെ പിരടിക്ക് അടിക്കുകയും ചെയ്യുന്നു. ഇതുകണ്ടപ്പോൾ ശിഷ്യൻ മറ്റുള്ളവരോ ട് ഇതു പറഞ്ഞു. ഫഖീറായ ശൈഖ് 500 ദിനാറിന്ന് കെട്ടിയതാണവളെയെന്ന് അവർ പറഞ്ഞു. മഹ്റ് കിട്ടാത്തതുകൊണ്ടാണെന്നു കരുതിയ മുരിദ് 500 ദീനാർ ശേഖരിച്ചുകൊണ്ടു ശൈഖിനെ സമീപിച്ചു. ഇതാ അവൾക്കിതു കൊടുത്തേക്കുവെന്നു പറഞ്ഞു. ശൈഖ് പുഞ്ചിരിച്ചുകൊണ്ട് ഞാനിതൊന്നും ക്ഷമിച്ചില്ലെങ്കിൽ എന്നെ നീ 'മക്അദുസ്വിദ്ഖിൽ' കാണുമായിരുന്നില്ലല്ലോ എന്ന് പ്രതികരിച്ചു തിരിച്ചയച്ചു.

ശൈഖ് രിഫാഇയെ തൊട്ട് ഒട്ടനവധി കറാമത്തുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതിൽ പ്രസിദ്ധ പ്രചാരം നേടിയതാണ് തിരുനബി(സ)തങ്ങളുടെ കരം ചുംബിച്ച കഥ. അതിങ്ങനെ. തിരുസന്നിധിയിൽ സിയാറത്തിനു വന്ന ശൈഖു തങ്ങൾ പ്രവാചക പുംഗാവരുടെ(സ)അഭിമുഖമായിരുന്നുകൊണ്ട് ഈ അർത്ഥത്തിൽ രണ്ടു വരി പദ്യം ഉരുവിട്ടു. 'ഞാൻ അകലെയായിരിക്കേ എന്റെ ആത്മാവിനെ ഇവിടം മുത്തി മണക്കാൻ പറഞ്ഞയക്കാറുണ്ട്. എന്നാൽ, റൂഹ് അതിന്റെ ജഡവുമായിട്ടു തന്നെയിതാ വന്നിരിക്കുന്നു. അതുകൊണ്ട് അങ്ങയുടെ വലതുകൈ ചുംബിച്ചു ഭാഗ്യം ലഭിക്കാൻ ഒന്ന് നീട്ടിതരൂ.' ഉടനെ അവിടുത്തെ പുണ്യ കരം വെളിവാവുകയും മഹാൻ മുത്തമിടുകയും ചെയ്തു. ഈ സംഭവം ഹാഫിളുകൾ, മുഹദ്ദിസുകൾ, ചരിത്രപടുക്കൾ തുടങ്ങി സർവ്വരും ഉദ്ധരിച്ചിട്ടുണ്ട്. ഇന്നിട്ടും ഇതിനെ നിഷേധിക്കുന്നവരുണ്ടെങ്കിൽ അജ്ഞരും അസൂയാലുക്കളും തലക്കു വെളിവില്ലാത്തവരുമാണവർ. തിരുനബി(സ)യുടെ തിരുകരം പലപ്രാവശ്യം മുസ്വാഫഹത് ചെയ്തവരായിരുന്നു ഇമാം ബൂസിരിയുടെ ശൈഖായ മരീസീ എന്നവരെന്ന് ഹംസിയയുടെ ശർഹു ജമലിൽ പറഞ്ഞിട്ടുണ്ട്. ഒരു സംഭവം ഇങ്ങനെ. ശൈഖിന് ഒരാൾ ഒരു മത്സ്യം ഹദ്‌യ നല്കി. തന്റെ ശിഷ്യരിൽ ഒരാളായ അലിയ്യുബ്നുത്തരീ എന്നയാളോട് ഇത് ചുട്ടുകൊണ്ടുവരാൻ പറഞ്ഞു. അദ്ദേഹം അതു ശൈഖിന്റെ കയ്യിൽ നിന്നുവാങ്ങി വീട്ടിലേക്ക് കൊണ്ടുപോയി ഭൃത്യനോടു ചുടാൻ പറഞ്ഞു. അയാൾ മാംസം കഴുകി അടുപ്പിൽവച്ചു. എത്ര തീകത്തിച്ചിട്ടും മത്സ്യം വേവുന്നില്ല. കാര്യം ശൈഖിനോടു വന്നു പറഞ്ഞു. അല്പം മൗനിയായ ശേഷം ശൈഖ് അല്ലാഹുവിനെ സ്തുതിച്ച്കൊണ്ടു ഇങ്ങനെ പറഞ്ഞു. 'എന്റെ റബ്ബ് എന്നോട് വാഗ്ദത്തം ചെയ്തതിന്റെ സാക്ഷാൽക്കാരമാണത്. ഈ സാധു അഹ്മദിന്റെ കരം തൊട്ട വസ്തുവിൽ തീ ഏശുകയില്ലെന്നായിരുന്നു അത്. എന്നാൽ, നിങ്ങളെ കണ്ടിട്ടില്ലാത്തവരുടെയും ബൈഅത്ത് ചെയ്യാ

ത്തവരുടെയും നില എന്തായിരിക്കുമെന്ന് മുരീദ് അലിയ്യ് ചോദിച്ചതിന് ശൈഖിന്റെ മറുപടി. 'ഞങ്ങളുടെ ഈ വഴി എല്ലാം ഒന്നാണ്. വാചകം ഒന്നാണ്. ബൈഅത്തും ഒന്നാണ്. അവസാനം വരുന്നവർ ആദ്യത്തെവരെ അനുഗമിച്ചാൽ മതി' എന്നായിരുന്നു. ശേഷം അലിയ്യ് എന്നയാൾ ആമീനിനെ പുറത്തെടുത്തു കുഴിച്ചിട്ടു. വല്ല കാവലും എഴുതിക്കൊടുക്കാൻ ആരെങ്കിലും വന്നാൽ മഷി കൊണ്ടല്ലാതെ വിരൽകൊണ്ടാണ് ശൈഖ് എഴുതിക്കൊടുക്കുക. ഇങ്ങനെ എഴുതികിട്ടിയ ഒരാൾ കുറെ നാളുകൾക്കുശേഷം ആ കടലാസുമായി ശൈഖിനെ സമീപിച്ചു എഴുതിക്കൊടുക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം അതു നോക്കി ഇത് എഴുതിയതാണല്ലോ എന്നു പറഞ്ഞുകൊണ്ടു തിരിച്ചുകൊടുത്തു.

മഹാനരെ ആക്ഷേപിക്കുന്നവർ അക്കാലത്തുതന്നെ ഉണ്ടായിട്ടുണ്ട്. അസഭ്യങ്ങൾ എത്ര പറഞ്ഞാലും ഒന്നിനും പ്രതികരിക്കുകയില്ല. പാരിതോഷികമായി അവർക്ക് വല്ല വസ്തുവും കൊടുത്തയക്കുകയാണ് ചെയ്യുക. എവിടെയെങ്കിലു ഒരു രോഗിയുണ്ടെന്നറിഞ്ഞാൽ അവിടെ സന്ദർശിക്കാൻ പോകും. സ്വന്തം തലയിൽ വിറകു ചുമന്ന് ആവശ്യമുള്ളവർക്കു വിതരണം ചെയ്യും. കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികളിൽ ഒരാളോടു നീ ആരുടെ മകനാണെന്ന് ചോദിച്ചതിന് അക്കാര്യം നിങ്ങളെന്തിനാണ് അറിയുന്നതെന്ന് തിരിച്ചു ചോദിച്ച കുട്ടിയോട് മകനേ, നീ എന്നെ അദബ് പഠിപ്പിച്ചു നിനക്ക് അല്ലാഹു നന്മ പ്രതിഫലം തരട്ടെയെന്നാണ് പ്രതികരിച്ചത്. രോഗികൾക്കും മറ്റു അവശതയുള്ളവർക്കും താൻ സ്വയം എല്ലാ പരിചരണവും നടത്തും. സിബ്ത് ഇബ്നുൽ ജൗസി പറയുന്നു: ഞാൻ ഒരു ബറാഅത്ത് രാവിൽ ശൈഖിന്റെ സന്നിധിയിൽ പോയിരുന്നു. സുമാർ ഒരു ലക്ഷം പേർ അദ്ദേഹത്തിന്റെ ഉപദേശം കേൾക്കാൻ അവിടെയുണ്ടായിരുന്നു. ഞാൻ പറഞ്ഞു. ഇത് വല്ലാത്ത ജനക്കൂട്ടം തന്നെയല്ലേയെന്ന്. ശൈഖിന്റെ മറുപടി: 'ഈ ജനങ്ങൾക്കെല്ലാം മുമ്പനും സ്ഥാനീയനും ഞാനാണെന്ന് എന്റെ മനസ്സിൽ തോന്നിപ്പോയെങ്കിൽ ഹാമാനിന്റെ സഭയിലായിരിക്കും എന്നെ അല്ലാഹു ഒരുമിച്ചു കൂട്ടുകയെന്നായിരുന്നു. വിനയത്തിന്റെയും താഴ്മയുടെയും പര്യായമാണ് ശൈഖ് രിഫാഈ. ശാഫി ഈ മദ്ഹബ് അവലംബമാക്കിയവരാണ്. ഇമാം ശീറാസിയുടെ തൻബീഹാണ് തദ്വിഷയത്തിൽ പഠിച്ചത്. മഹാനർ കിതാബു രചിച്ചതായി പറയപ്പെട്ടു കാണുന്നില്ല. അന്നിളാമുൽ ഖാസ്സ് എന്ന ചെറിയൊരു ഗ്രന്ഥം അദ്ദേഹത്തിന്റേതായി കണ്ടിട്ടുണ്ട്. ഖാദിരിയ്യാ ത്വരീഖത്തുപോലെ ഹക്കായ ത്വരീഖത്താണ് രിഫാഈയ്യ ത്വരീഖത്തും. ശൈഖ് രിഫാഇയുടെ മുറബ്ബിയായ ശൈഖ് അലിയ്യുൽ ഖാരീ(റ) എന്നവരാണ്. അദ്ദേഹത്തിന്റെ കാലത്തു തന്നെ രിഫാഇക്ക് ജനങ്ങളെ നേർ വഴിയിലേക്കു ക്ഷണിക്കാനുള്ള ഇജാസത്തും നടപ്പുള്ള സ്ഥാന വസ്ത്രവും നല്കിയിരുന്നു. ഇപ്രകാരം തന്നെ തന്റെ മാതൃ സഹോദരൻ ശൈഖ് മൻസൂരിൽ നിന്നും ലഭിച്ചു. അവരുടെതെല്ലാം സിൽസില പല പ്രഗത്ഭരായ മശാഇഖ് വഴി അലിയ്യ്ബ്നുഅബീത്വാലിബി(റ)വിലേക്കാണ് സന്ധിക്കുന്നത്. ചുരുക്കത്തിൽ പിൻതലമുറക്കാരായ പണ്ഡിത ശ്രേഷ്ടർ മുഴുക്കെ മഹാനരുടെ മഹത്വം അംഗീകരിച്ചിട്ടുണ്ട്. വലിയ്യ്, സാഹിദ്, ആരിഫ്, ഖുത്വുബ് എന്നീ സൽപേരുകൾക്കെല്ലാം മഹാനർ തീർത്തും യോഗ്യരാണെന്നും ഉദ്ധരിക്കപ്പെട്ടു കാണുന്ന കറാമത്ത് മുഴുക്കെ സത്യമാണെന്ന് ഖൽബുകൊണ്ടു കരുതി നാവുകൊണ്ടു വെളിവാക്കണമെന്നൊന്നും സുന്നികൾ പറയുന്നില്ല. എങ്കിലും നബിമാർക്ക് മുഅ്ജിസത്തായി അല്ലാഹു നല്കുന്ന കാര്യങ്ങളെല്ലാം അവന്റെ ഇഷ്ടക്കാരായ ഔലിയാഇന്നും നല്കാം എന്നതിന്ന് ഒരു തടസ്സവും ഇല്ലെന്നത് അവരുടെ വിശ്വാസ ഭാഗവുമാണ്. ശൈഖിന്ന് അവസാനം ഒരുമാസം രോഗമായി. വയറിളക്കം. തിന്നുകയോ കുടിക്കുകയോ ചെയ്യാത്ത ശൈഖിന്ന് ദിവസവും പലപ്രാവശ്യം ഇങ്ങനെ സംഭവിക്കും. ഇതെന്താണെന്നു ചോദിച്ച മുരിദുമാരോട് ശരീരത്തിലെ മാംസം നീരായി പുറപ്പെട്ടു. മജ്ജമാത്രം ബാക്കിയുള്ളൂ. അത് കൂടി പുറപ്പെട്ടാലാണ് എന്റെ മരണമെന്നു പറഞ്ഞു. അപ്രകാരം എന്തോ വെളുത്ത ഒരുതരം ദ്രാവകം പുറപ്പെട്ടു. രണ്ടു ശഹാദത്ത് കലിമ ഉച്ചരിച്ചു മരണപ്പെടുകയും ചെയ്തു. സ്വദേശമായ ഉമ്മുഅബീദയിൽ:578 ജുമാദൽ ഊലാ:22 വ്യാഴാഴ്ച. 570 ജുമാദ:12ന് വഫാതെന്നാണ് ഇമാം ശഅ്റാനി പറഞ്ഞത്. ശൈഖ് രിഫാഇ(റ)യുടെ ബറകത്തു കൊണ്ടു റബ്ബ് നമ്മെ രക്ഷിക്കട്ടെ. ●

## നുസ്രത്തുൽ ഫുഖഹാ

***മഞ്ചേരി:*** ദാറുസ്സുന്ന വിദ്യാർത്ഥി സമാജമായ എൻ.എഫ്.എസ്.എസിന്റെ പുതിയ അധ്യയന വർഷത്തിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. സദഖത്തുല്ല മുഈനി ഇരിവേറ്റി (ചെയർമാൻ) അബ്ദുൽ ജലീൽ കൊണ്ടോട്ടി (പ്രസിഡണ്ട്) സയ്യിദ് മുബശ്ശിർ തങ്ങൾ പട്ടർക്കടവ്, എൻ.അബൂബക്ർ കോടാലി പൊയിൽ (വൈസ് പ്രസിഡണ്ടുമാർ) സയ്യിദ് ഹസൻ ജിഫ്രി മൂന്നിയൂർ (ജനറൽ സെക്രട്ടറി) മുഹമ്മദലി കർണ്ണാടക, അനസ് ഇ.കെ.നറുകര, (ജോ: സെക്രട്ടറിമാർ) ഇർശാദ് കാവനൂർ (ട്രഷറർ) എന്നിവർ ഭാരവാഹികളാണ്.

യോഗത്തിൽ ഇ.കെ.അബ്ദുർറശീദ് വഹബി അദ്ധ്യക്ഷത വഹിച്ചു. അലിഅക്ബർ വഹബി ഉദ്ഘാടനം ചെയ്തു. സദഖത്തുല്ല മൗലവി, അബൂഹനീഫ മൗലവി, മുസ്തഫ വഹബി ചേരമ്പാടി, അബ്ദുൽ അസീസ് കരുളായി എന്നിവർ സംസാരിച്ചു.ഇ.കെ.അനസ് സ്വാഗതവും നന്ദിയും പറഞ്ഞു.